# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035

ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080

ഇ-മെയിൽ: dhskerala@gmail.com

വെബ്സൈറ്റ്: www.dhs.kerala.gov.in


ഇ എസ് 2/67069/2006/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.30/03/2016

## നോട്ടീസ്

വിഷയം:- ആവഡ- ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.വേണുഗോപാൽ.എൻ.എ യുടെ സീനിയർ ക്ലാർക്ക് തസ്തികിലെ സീനിയോരിറ്റി നമ്പർ പുനക്രമീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :-
1. ശ്രീ.വേണുഗോപാൽ.എൻ.എ 25/05/2015 ലെ അപേക്ഷ
2. ഉത്തരവ് നമ്പർ.ഇ.ഡി.1/3/2006/ആവഡ തീയതി.30/03/2007
3. നമ്പർ.55640/എച്ച് 1/2012/ആകുവ, തീയതി.31/01/2013
4. ഈ ആഫീസിലെ 04/08/15 ലെ ഇതേ നമ്പർ കത്ത്.
5. സർക്കാരിന്റെ 07/12/2015 ലെ 284309/എച്ച് 1/2015/ആകുവ എന്ന നമ്പർ കത്ത്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീ.വേണുഗോപാൽ.എൻ.എയുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി നമ്പർ പുനക്രമീകരിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ട് സൂചന 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടിയളുടെ സർവീസ് വിരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീ.വേണുഗോപാൽ.എൻ.എ 28/08/1989 ൽ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. എന്നാൽ ടിയാൻ 06/1999 ലാണ് എം.ഒ.പി പരീക്ഷയിലും 6/1996 ൽ മറ്റ് വകുപ്പ്തല പരീക്ഷകളിലും യോഗ്യത നേടിയത്. 21/07/1999 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിശീലനകാലം പൂർത്തിയാക്കുകയും സൂചന 2 പ്രകാരം 30/03/2007 ൽ സീനിയർക്ലാർക്കായി സ്ഥാനകയറ്റം നേടുകയും അപ്രകാരം സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 6 (എ) ആയി ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രബേഷൻ പൂർത്തീകരിച്ച തീയതിയായ 21/07/1999 മുതൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നും അതിനാൽ അവ അനുവദിച്ചുകൊടുക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

21/07/1999 ൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ഒഴിവുകൾ ഉണ്ടായിരുന്നില്ല. അതിന് ശേഷം ഒഴിവ് ഉണ്ടാകുന്നത് 01/08/1999 ലാണ്. ശ്രീ.വേണുഗോപാൽ.എൻ.എ യുടെ ജൂനിയറായ ശ്രീ.വി.കെ. അബ്ദുറഹ്മാന് (റാങ്കനമ്പർ.378) സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയിരിക്കുന്നതും 01/08/1999 മുതലാണ്. അതിനാൽ സീനിയർക്ലാർക്ക്മാരുടെ 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ.വി.കെ. അബ്ദുറഹ്മാന് (റാങ്കനമ്പർ.378) മുകളിലായി 377 (എ) ആയി ശ്രീ.വേണുഗോപാൽ.എൻ.എ ഉൾപ്പെടുത്തുന്നതിന് അർഹതയുള്ളതായി കാണുന്നുണ്ട്. എന്നാൽ പ്രസ്തുത പട്ടിക പുതുക്കേണ്ടതില്ല എന്ന് സൂചന 3 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മേൽ പറഞ്ഞ വിവരങ്ങൾ സൂചന 4 പ്രകാരം സർക്കാരിനെ അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സീനിയർ ക്ലാർക്ക് 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ അർഹമായ സ്ഥാനം നിശ്ചയിച്ച് നൽകാൻ സൂചന 5 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ശ്രീ.വേണുഗോപാൽ.എൻ.എയെ സീനിയർക്ലാർക്ക്മാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കാവുന്നതിനും 14/10/1993 മുതൽ 16/06/2000 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ 377 (എ) ആയി ഉൾപ്പെടുത്തുന്നതിനും താൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദ വിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ക്ലാർക്ക് തസ്തികയിലെ റാങ്ക് നമ്പർ | വകുപ്പ് തല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | സീനിയർ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള റാങ്ക് നമ്പർ | സീനിയർ ക്ലാർക്ക് തസ്തികയിൽ പുതുതായി അനുവദിച്ച റാങ്ക് നമ്പർ | സീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി. |
|---|---|---|---|---|---|---|---|
| 1 | എം.പ്രകാശൻ | 01/09/1961 | 828/91 | 06/1994 | 377 | 377 | 01/07/1999 |
| 2 | വേണുഗോപാൽ. എൻ.എ | 26/05/1963 | 793/91 | 6/1999 | 6(A) | 377 (A) | 01/08/1999 |
| 3 | വി.കെ.അബ്ദുൽ റഹിമാൻ | 18/03/1961 | 829/91 | 12/93 | 378 | 378 | 01/08/1999 |

മേൽ നിശ്ചയിച്ച തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ഈ നോട്ടീസ് തീയതി മുതൽ 15 ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ഈ സെക്ഷനിൽ ഹാജരാക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. എല്ലാ ആശുപത്രി സൂപ്രണ്ടുമാർക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.ഡി.1 സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ